REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഉത്തർപ്രദേശിലെത്തും.**
- **വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും.**
- **IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ നാളെ മുതൽ ആധാർ അധിഷ്ഠിത സ്ഥിരീകരണം നിലവിൽ വരും.**
- **സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും.**
- **US ഓപ്പൺ ബാഡ്മിന്റൺ പുരുഷസിംഗിൾസിൽ ആയുഷ് ഷെട്ടിക്ക് കിരീടം.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഉത്തർപ്രദേശിലെത്തും. ബറേലിയിലെ ഇന്ത്യൻ വെറ്ററനറി റിസർച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പതിനൊന്നാമത് ബിരുദദാന ചടങ്ങിൽ പങ്കെടുത്ത ശേഷം രാഷ്ട്രപതി ഗോരഖ്പൂർ എയിംസിന്റെ ആദ്യ ബിരുദദാന ചടങ്ങിലും സംബന്ധിക്കും.

നാളെ ദ്രൗപതി മുർമു ഗോരഖ്പൂരിലെ മഹായോഗി ഗുരു ഗോരഖ് നാഥ് ആയുഷ് സർവകലാശാല നാടിന് സമർപ്പിക്കും. കൂടാതെ ഗോരഖ്നാഥ് യൂണിവേഴ്സിറ്റിയിലെ ഓഡിറ്റോറിയം, അക്കാദമിക് ബ്ലോക്ക്,പഞ്ചകർമ കേന്ദ്രം

എന്നിവ ഉദ്ഘാടനം ചെയ്യുന്ന രാഷ്ട്രപതി പെൺകുട്ടികളുടെ പുതിയ ഹോസ്റ്റലിനും തറക്കല്ലിടും.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. S ജയശങ്കർ ഇന്ന് മുതൽ മൂന്ന് ദിവസം അമേരിക്കയിൽ ഔദ്യോഗിക സന്ദർശനം നടത്തും. നാളെ ക്വാഡ് വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ അദ്ദേഹം പങ്കെടുക്കും. പഹൽഗാം ആക്രമണത്തിന് ശേഷം ചേരുന്ന ആദ്യ ക്വാഡ് മന്ത്രിതല സമ്മേളനമാണിത്.

✪✪✪

വടകര മുൻസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കും. 15 കോടി രൂപ ചെലവിലാണ് നാല് നിലകളായി സമുച്ചയം നിർമ്മിച്ചത്. ചടങ്ങിൽ മന്ത്രിമാരായ PA മുഹമ്മദ് റിയാസും, AK ശശീന്ദ്രനും പങ്കെടുക്കും.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ SFI അഖിലേന്ത്യാ സമ്മേളനം സമാപനം രാവിലെ കോഴിക്കോട് ബീച്ചിൽ ഉദ്ഘാടനം ചെയ്യും. ഈ മാസം 27 നാണ് പതിനെട്ടാമത് അഖിലേന്ത്യാ സമ്മേളനം ആരംഭിച്ചത്. അഖിലേന്ത്യാ പ്രസിഡണ്ടായി കൊല്ലം ചാത്തന്നൂരിലെ ആദർശ് N സജിയെയും, സെക്രട്ടറിയായി ശ്രീജൻ ഭട്ടാചാര്യയെയും തിരഞ്ഞെടുത്തു. 87 അംഗ കേന്ദ്ര എക്സിക്യൂട്ടീവ് അംഗങ്ങളെയും സമ്മേളനം തിരഞ്ഞെടുത്തു.

✪✪✪

സംസ്ഥാന പോലീസ് മേധാവി ഡോ. ഷെയ്ഖ് ദർവേഷ് സാഹിബ് ഇന്ന് വിരമിക്കും. 1991 ബാച്ചിൽ പോലീസ് സർവീസ് കേരള കേഡറിൽ പ്രവേശിച്ച അദ്ദേഹം, 2023 ജൂൺ 30 മുതൽ രണ്ട് വർഷമാണ് സംസ്ഥാന പൊലീസ് മേധാവിയായി പ്രവർത്തിച്ചത്. വിശിഷ്ടസേവനത്തിന് 2016 ൽ രാഷ്ട്രപതിയുടെ പൊലീസ് മെഡലും, സ്തുത്യർഹസേവനത്തിന് 2007 ൽ ഇന്ത്യൻ പൊലീസ് മെഡലും അദ്ദേഹത്തിന് ലഭിച്ചു.

മയക്കുമരുന്നിന് എതിരായ ഓപ്പറേഷൻ ഡി ഹണ്ടിന് തുടക്കം കുറിച്ചതും, സൈബർ യൂണിറ്റുകളെ സൈബർ ഡിവിഷനാക്കി മാറ്റി ഏകീകരിച്ചതും ഡോ. ഷെയ്ഖ് ദർവേഷ് സാഹിബിന്റെ കാലത്താണ്.

DGP യ്ക്ക് പൊലീസ് സേനയുടെ വിടവാങ്ങൽ പരേഡ് രാവിലെ എട്ടരയ്ക്ക് തിരുവനന്തപുരം SAP പരേഡ് ഗ്രൗണ്ടിൽ നടത്തും. ഉച്ചയ്ക്ക് പൊലീസ്

ആസ്ഥാനത്ത് യാത്രയയപ്പ് ചടങ്ങും സംഘടിപ്പിച്ചിട്ടുണ്ട്. പുതിയ പൊലീസ് മേധാവിയെ ഇന്ന് തീരുമാനിച്ചേക്കും.

✪✪✪

പാലക്കാട് IIT ഉൾപ്പെടെ നാല് IIT കൾക്കും മൂന്ന് IIM കൾക്കും റാഗിംഗ് വിരുദ്ധ നടപടികൾ പൂർണമായി നടപ്പാക്കാത്തതിന് UGC നോട്ടീസ് നൽകി. രാജ്യത്തെ 89 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് റാഗിംഗ് നിയന്ത്രണ നടപടികൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയത്. റാഗിംഗിൽ ഏർപ്പെടില്ലെന്ന് ഈ സ്ഥാപനങ്ങൾ വിദ്യാർത്ഥികളിൽ നിന്ന് അണ്ടർടേക്കിംഗ് എഴുതി വാങ്ങിയിട്ടില്ലെന്ന് നോട്ടീസിൽ പറയുന്നു.

✪✪✪

നാളെ മുതൽ IRCTC വെബ്സൈറ്റിലും മൊബൈൽ ആപ്പിലും തത്ക്കാൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ആധാർ അധിഷ്ഠിത സ്ഥിരീകരണം നിലവിൽ വരും. ജൂലൈ അവസാനം മുതൽ തത്ക്കാൽ ബുക്കിംഗുകൾക്ക് OTP സ്ഥിരീകരണവും ഏർപ്പെടുത്തും.

ഈ വർഷം അവസാനത്തോടെ മിനിറ്റിൽ ഒന്നര ലക്ഷത്തിലേറെ ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്ന പുതിയ റിസർവേഷൻ സംവിധാനം നിലവിൽവരുമെന്നും റെയിൽവെ കേന്ദ്രങ്ങൾ അറിയിച്ചു. നിലവിൽ 32,000 ടിക്കറ്റുകളാണ് ഓരോ മിനിറ്റിലും ബുക്ക് ചെയ്യാൻ കഴിയുന്നത്. വൈകാതെ യാത്രക്കാർക്ക് വിവിധ ഭാഷകളിൽ ടിക്കറ്റ് റിസർവേഷൻ സംവിധാനവും ലഭ്യമാക്കും.

✪✪✪

സംസ്ഥാന മന്ത്രിസഭാ വാർഷികത്തിന്റെ ഭാഗമായി നാല് ജില്ലകളുടെ മേഖലാതല അവലോകന യോഗം നാളെ കണ്ണൂർ കൃഷ്ണമേനോൻ മെമ്മോറിയൽ ഗവ വനിതാ കോളേജ് ഓഡിറ്റോറിയത്തിൽ നടത്തും. കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വികസന പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗം അവലോകനം ചെയ്യും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, നാലു ജില്ലകളിലെ കലക്ടർമാർ, മുതിർന്ന ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയിൽ ഉപകരണങ്ങളുടെ കുറവുമൂലം ശസ്ത്രക്രിയകൾ മുടങ്ങിയെന്ന ആരോപണത്തിൽ ഡോക്ടർമാരുടെ നാലംഗ സമിതിയുടെ അന്വേഷണം ഇന്ന് തുടങ്ങും. യൂറോളജി വകുപ്പ് മേധാവി ഹാരിസ് ചിറക്കൽ ഉന്നയിച്ച ആരോപണമാണ് അന്വേഷണവിധേയമാക്കുന്നത്.

✪✪✪

ആരോഗ്യ മേഖലയിൽ സംസ്ഥാനഗവൺമെന്റ് അനാസ്ഥ തുടരുകയാണെന്നാരോപിച്ച് മെഡിക്കൽ കോളജുകൾക്ക് മുന്നിൽ നാളെ ധർണ്ണ നടത്തുമെന്ന് KPCC അറിയിച്ചു. കണ്ണൂർ പരിയാരം മെഡിക്കൽ കോളജിന് മുന്നിലെ ധർണ്ണ KPCC പ്രസിഡന്റ് സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും.

ജൂലൈ മൂന്നിന് സംസ്ഥാനത്തെ എല്ലാ DMO ഓഫീസുകളിലേക്കും യൂത്ത് ലീഗ് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുമെന്ന് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങളും ജനറൽ സെക്രട്ടറി P.K ഫിറോസും അറിയിച്ചു. ജില്ലാ കമ്മിറ്റികളുടെ നേതൃത്വത്തിലാണ് പ്രതിഷേധം.

തിരുവനന്തപുരം ജില്ലാ കോൺഗ്രസ്സ് കമ്മിറ്റി ഇന്ന് രാവിലെ മെഡിക്കൽ കോളജിന് മുന്നിൽ പ്രതിഷേധ ധർണ നടത്തുമെന്ന് DCC ഭാരവാഹികൾ അറിയിച്ചു.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ പ്രധാന ചടങ്ങായ മകം കല വരവ് ഇന്നാണ്. രാത്രിയോടെ മുഴക്കുന്ന് നെല്ലൂരാന്റെ നേതൃത്വത്തിൽ പത്തംഗ സംഘമാണ് കലവുമായി അക്കരെ കൊട്ടിയൂരിലത്തുന്നത്. ഇന്നു മുതൽ മൂന്നു ദിവസം രാത്രി കലംപൂജ തുടരും.

ഇന്ന് ഉച്ചയൊടെ ആനകളും വിശേഷ വാദ്യങ്ങളും അക്കരെ കൊട്ടിയൂരിൽ നിന്ന് പിൻവാങ്ങും. ഉച്ചശീവേലിക്ക് ശേഷം സ്ത്രീകളും അക്കര കൊട്ടിയൂരിൽ നിന്ന് മടങ്ങും. ജൂലൈ നാലിന് കലശാട്ടോടെ വൈശാഖ മഹോത്സവം സമാപിക്കും.

✪✪✪

കണ്ണൂർ പള്ളിക്കുന്ന് കൃഷ്ണമേനോൻ സ്മാരക ഗവ വനിത കോളേജിന്റെ ഒരു വർഷത്തെ സുവർണ്ണ ജൂബിലി അഘോഷങ്ങൾ വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരന്റെ റിപ്പോർട്ട്.

.......(വോയ്സ്)..............

✪✪✪

US  ഓപ്പൺ ബാഡ്മിന്റൺ  പുരുഷവിഭാഗം സിംഗിൾസിൽ ഇന്ത്യയുടെ ആയുഷ് ഷെട്ടി കിരീടം നേടി. മൂന്നാം സീഡായ കാനഡയുടെ ബ്രിയാൻ യാങ്ങിനെയാണ് എതിരില്ലാത്ത രണ്ട് സെറ്റിന് ആയുഷ്  തോൽപ്പിച്ചത്.

വനിതാ  വിഭാഗം ഫൈനലിൽ ഇന്ത്യൻ താരം തൻവി  ശർമ്മ അൽപ്പം മുൻപ് ടോപ് സീഡായ അമേരിക്കൻ താരം ബെയ്‌വെൻ ജാങ്ങിനോട്  പരാജയപ്പെട്ടു.

✪✪✪

കണ്ണൂരിൽ  സംസ്ഥാന ജൂനിയർ വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിലെ സെമി ഫൈനൽ മത്സരങ്ങൾ ഇന്ന്  ആരംഭിക്കും. വൈകിട്ട് കാസർകോട്, മലപ്പുറത്തെയും തുടർന്ന്  കണ്ണൂർ, തൃശ്ശൂരിനെയും നേരിടും.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു.  വരുംദിവസങ്ങളിൽ തെളിഞ്ഞ കാലാവസ്ഥയായിരിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ജില്ലയിലും പ്രത്യേക മഴമുന്നറിയിപ്പ് നൽകിയിട്ടില്ല.

✪✪✪

മുല്ലപ്പെരിയാർ ഡാം തുറന്നെങ്കിലും  ജലനിരപ്പ് ഇപ്പോഴും 136 അടിയ്ക്ക് മുകളിൽ  തുടരുകയാണ്. നിലവിൽ 136.35 അടിയാണ് ജലനിരപ്പ്. സ്പിൽ വേ ഷട്ടറുകൾ വഴി 286 ഘന അടിയിലധികം വെള്ളമാണ് ഒഴുക്കുന്നത്. ഇറച്ചിൽപാലം ടണൽ വഴി തമിഴ്നാട് 2,117 ഘന അടി വെള്ളം  കൊണ്ടു പോകുന്നുണ്ട്.  ഇടുക്കി ഡാമിലെ ജലനിരപ്പ് 2,363.10 അടിയിലെത്തി. സംഭരണ ശേഷിയുടെ 57.29 ശതമാനമാണിത്.

✪✪✪

കോഴിക്കോട് ചെറുവണ്ണൂരിൽ ചാലിയാറിൽ തോണി മറിഞ്ഞ് രണ്ട് പേർ ഒഴുക്കിൽപ്പെട്ടു.  ഒരാളെ  രക്ഷപ്പെടുത്തി. കാണാതായ ആൾക്കു വേണ്ടി തിരച്ചിൽ തുടരുകയാണ്.

✪✪✪

തൃശ്ശൂർ കുതിരാൻ വഴുക്കുംപാറയിൽ ബൈക്കിന് പിന്നിൽ  ലോറി ഇടിച്ച് രണ്ട് പേർ മരിച്ചു.  ബൈക്ക് യാത്രക്കാരായ യുവാവും,യുവതിയുമാണ് മരിച്ചത്. ഇവർ കൊച്ചി സ്വദേശികളെന്ന് സംശയിക്കുന്നു. ബൈക്കിൽ നിന്ന് വീണ ഹെൽമെറ്റ് എടുക്കാൻ റോഡിൽ ഇറങ്ങിയപ്പോൾ ലോറി ഇടിച്ചായിരുന്നു അപകടം.

✪✪✪

കേരള മീഡിയ അക്കാദമിയുടെ കഴിഞ്ഞ വർഷത്തെ മാധ്യമ അവാർഡുകൾക്ക് ഏഴു പേർ അർഹരായി. മികച്ച എഡിറ്റോറിയലിന് ഏർപ്പെടുത്തിയ V കരുണാകരൻ നമ്പ്യാർ അവാർഡ് മാധ്യമം ജോയിന്റ് എഡിറ്റർ P.I നൗഷാദിനാണ്.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

....(വോയ്സ്).......

ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിയ്ക്ക് NN സത്യവ്രതൻ അവാർഡിന് ജനയുഗം ഇടുക്കി ലേഖകൻ R സാംബൻ അർഹനായി. അന്വേഷണാത്മക റിപ്പോർട്ടിന് ചൊവ്വര പരമേശ്വരൻ അവാർഡ്, മാതൃഭൂമിയിലെ നീതു മോഹനാണ്. പ്രാദേശിക പത്ര പ്രവർത്തകരുടെ ഡോ. മൂർക്കന്നൂർ നാരായണൻ അവാർഡിന് പൊന്നാനിയിലെ മനോരമ ലേഖകൻ ജീബീഷ് വൈലിപ്പാട്ടും അർഹനായി.

ഫോട്ടോഗ്രഫി അവാർഡിന് മനോരമയിലെ ജിതിൻ ജോയൽ, ദൃശ്യ മാധ്യമ പ്രവർത്തനത്തിന്, മാതൃഭൂമി ന്യൂസിലെ ബിജു പങ്കജ്, സ്പെഷ്യൽ ജൂറി പുരസ്കാരത്തിന് മാതൃഭൂമി ന്യൂസിലെ RK സൗമ്യ എന്നിവരും അർഹരായി.

✪✪✪

കോഴിക്കോട്ടെ ഹേമചന്ദ്രൻ കൊലക്കേസിൽ തട്ടിക്കൊണ്ടുപോകാനും, മൃതദേഹം കുഴിച്ചിടാനും സഹായിച്ച രണ്ടു പേരെ അറസ്റ്റു ചെയ്തു. സുൽത്താൻബത്തേരി നെന്മേനി സ്വദേശി ജ്യോതിഷ്കുമാർ, വള്ളുവാടി കിടങ്ങനാട് സ്വദേശി അജേഷ് എന്നിവരെയാണ് മെഡിക്കൽ കോളജ് പൊലീസ് പിടികൂടിയത്.

✪✪✪

ദളിത് ചിന്തകനും, എഴുത്തുകാരനും, സാംസ്കാരിക പ്രവർത്തകനുമായ KM സലിംകുമാറിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു. ന്യൂമോണിയ ബാധയെത്തുടർന്ന് ചികിത്സയിലിരിക്കെ ഇന്നലെ കൊച്ചിയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു 76 കാരനായ അദ്ദേഹത്തിന്റെ അന്ത്യം.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT: ശ്രീജിമോൾ*
*DEO : ഷീബ*